പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1544 — 13/06/2014- ൽ മറുപടിക്ക്

## കന്നുകാലി രോഗചികിത്സയിലെ പോരായ്മകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | കന്നുകാലി ചികിത്സയ്ക്ക് വെറ്ററിനറി ക്ലിനിക്കുകളിൽ ആവശ്യമായ അളവിൽ മരുന്നുകൾ വിതരണം ചെയ്തു വരുന്നുണ്ടോ; പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറവുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | എ) | മരുന്നുകൾ വിതരണം ചെയ്തു വരുന്നുണ്ട്. 2014-2015 വർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിന് വേണ്ടി വകയിരുത്തിയിരിക്കുന്ന 4.75 കോടി രൂപ പരിമിതമായതിനാൽ കൂടുതൽ തുക കണ്ടെത്തി ആവശ്യമുള്ള മുഴുവൻ മരുന്നുകളും വാങ്ങി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | കന്നുകാലികളെ ചികിത്സിക്കുന്നതിനും മരുന്നുകൾ നൽകുന്നതിനും വെറ്ററിനറി ക്ലിനിക്കുകളിലെ ഡോക്ടർമാരും ഇതര ജീവനക്കാരും കൈക്കൂലി ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. പരാതികളിന്മേൽ അന്വേഷണം നടത്തി ആരോപണ വിധേയരായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | വെറ്ററിനറി ക്ലിനിക്കുകളിലെ കൈക്കൂലിയും അഴിമതിയും തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | സി) | വെറ്ററിനറി ക്ലിനിക്കുകളിലെ കൈക്കൂലിയും അഴിമതിയും തടയുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ വിജിലൻസ് വിഭാഗം ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ